[ശ്രീ. മത്തായി മാഞ്ഞൂരാൻ]

പ്രശ്നം കഴിയുന്നതും വേഗം പരിഹരിക്കണമെന്ന് അവർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്.

ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഞാൻ അനുമതി നിഷേധിക്കുന്നു.

CALLING ATTENTION UNDER RULE 61

(i) CAPSIZING OF A FISHING BOAT AT AZHIKODE LOCK

ഡെപ്യൂട്ടി സ്പീക്കർ: റൂൾ 61 അനുസരിച്ച് ശ്രീ. എ. എസ്. പുരുഷോത്തമൻ കൊടുത്തിട്ടുള്ള നോട്ടീസിനു വിശദീകരണത്തിനായി ശ്രീ. പുരുഷോത്തമനെ ക്ഷണിച്ചുകൊള്ളുന്നു.

ശ്രീ. എ. എസ്. പുരുഷോത്തമൻ : സർ, അഴീക്കോട് തുറമുഖത്ത് ഡ്രെഡ്ജിംഗ് നടക്കാത്തതുകൊണ്ട് മണ്ണടിഞ്ഞുകിടക്കുകയാണ്. അതുകാരണം വളരെയേറെ അപകടങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ദിനംപ്രതി അനേകം ഫിഷിംഗ് ബോട്ടുകളും മറ്റു വാഹനങ്ങളും അതുവഴി യാത്ര ചെയ്യുന്നുണ്ട്. അതുകൊണ്ട് അവിടെ ഡ്രെഡ്ജിംഗ് നടത്തി ആഴം ഉണ്ടാക്കാതിരുന്നാൽ കൂടുതൽ അപകടങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. ചേറ്റുവായിലും ഇതുകാരണം അപകടമുണ്ടായി രണ്ടുമൂന്നു പേർ മരണപ്പെടുകയുണ്ടായി. അതുകൊണ്ട് കൂടുതൽ അപകടങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുള്ള ഈ അഴിമുഖത്ത് ആഴം വർദ്ധിപ്പിക്കുവാൻ അടിയന്തിരമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ കയ്യിൽ ഡ്രെഡ്ജർ ഇല്ലാത്തതുകൊണ്ട് ചേറ്റുവാ അഴിമുഖത്തുതന്നെ ഡ്രെഡ്ജിംഗ് നടത്താനുള്ള ഗവൺമെന്റിന്റെ ശ്രമം ഇതുവരെയും വിജയകരമായിട്ടില്ലെന്നുള്ളതാണ് പരമാർത്ഥം. അഴീക്കോടിനെ സംബന്ധിച്ചിടത്തോളം ഡ്രെഡ്ജിംഗ് നടത്താനുള്ള ഒരു പരിപാടിപോലും ഗവൺമെന്റിനില്ല. എന്നാൽ അഴീക്കോടു തുറമുഖം ഒരു ഫിഷിംഗ് ഹാർബറാക്കാനുള്ള പരിപാടി ഇൻഡോ-പോം കമ്പനിക്കാർ, ഗവൺമെന്റിനു സമർപ്പിച്ചിട്ടുള്ള സ്കീമിലുണ്ട്. ആ പരിപാടി നടപ്പിലാക്കാൻ ഗവൺമെന്റ് സജീവമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതോടുകൂടി ഈ വിഷമതകളെല്ലാം തീരുമെന്നാണ് വിശ്വസിക്കുന്നത്. താൽക്കാലികമായി അവിടെ ഡ്രെഡ്ജിംഗ് നടത്താൻ കഴിയുമെന്ന് ഉറപ്പു പറയാൻ നിർവ്വാഹമില്ല.

(ii) PROPOSED AGITATION BY THE AGRICULTURISTS OF THE MARADI PANCHAYAT IN MUVATTUPUZHA

ഡെപ്യൂട്ടി സ്പീക്കർ : മൂവാറ്റുപുഴ താലൂക്കിലെ കായനാട്, മാറാടി എന്നീ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ പൂർത്തീകരിച്ചിട്ട് കമ്മിഷൻ ചെയ്യുന്നതിലുണ്ടായിട്ടുള്ള കാലതാമസത്തിൽ പ്രതിഷേധിച്ച് മാറാടി പഞ്ചായത്തിലെ കൃഷിക്കാർ പ്രത്യക്ഷ സമരപരിപാടികൾ സ്വീകരിക്കാൻ തീർച്ചയാക്കി അതിനു നോട്ടീസ് കൊടുത്തിരിക്കുന്നതുമൂലം സംജാതമായിട്ടുള്ള സ്ഥിതിവിശേഷം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ശ്രീ. പി. വി. എബ്രഹാം റൂൾ 61 അനുസരിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വി. എബ്രഹാം: സർ, മൂവാറ്റുപുഴ താലൂക്കിലെ കായനാട്, മാറാടി എന്നീ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാത്തതുകൊണ്ട് അവിടെയുള്ള മുഴുവൻ കൃഷിക്കാരും ഈ വരുന്ന ആഴ്ച മുതൽ മൂവാറ്റുപുഴ ഇറിഗേഷൻ ഓഫീസിന്റെ മുൻപിലും ഇലക്ട്രിസിറ്റി ഓഫീസിന്റെ മുൻപിലും പ്രത്യക്ഷ സമരപരിപാടികൾ ആരംഭിക്കാൻ തയ്യാറായിരിക്കുകയാണ്. മാറാടി, കായനാട് ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ പൂർത്തീകരിച്ച നിലയിൽ കിടക്കുകയാണ്. എന്നാൽ നാളിതുവരെ ലൈൻ ചാർജ് ചെയ്യുന്നതിനോ കൃഷിക്കാർക്ക് വെള്ളം കൊടുക്കുന്നതിനോ ഡിപ്പാർട്ടുമെന്റ് അധികാരികൾ ശ്രദ്ധിച്ചിട്ടില്ല. ഇനി സമരമല്ലാതെ വേറെ മാർഗ്ഗമില്ല. അതുകൊണ്ട് കൃഷിക്കാർ ഒക്ടോബർ 15-ാം തീയതി മുതൽ സമരം ചെയ്യാൻ തയ്യാറായിരിക്കുകയാണ്. ഗവൺമെന്റിനേയും മറ്റ് അധികൃതരേയും ഈ വിവരം മുൻകൂട്ടി അറിയിച്ചിട്ടുണ്ട്. പതിനഞ്ചാം തീയതിക്കകം അധികൃതർ ഇക്കാര്യത്തിൽ ഇടപെട്ട് ഈ സ്കീമുകൾ കമ്മീഷൻചെയ്തു കൃഷിക്കാരുടെ ആവശ്യങ്ങൾ നിറവേറ്റണമെന്നു ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

വ്യവസായ മന്ത്രി (ശ്രീ. ടി. വി. തോമസ്): ഇക്കാര്യത്തെപ്പറ്റി ഗവൺമെന്റ് കാര്യമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അവസാന തീരുമാനം എന്തായി എന്നറിയുകയില്ല. പൂർണ്ണമായ വിവരം തിങ്കളാഴ്ച പറയാം.

ഡെ. സ്പീക്കർ: തൃശ്ശൂരും പരിസരങ്ങളിലും കാർഷികത്തൊഴിലാളികൾക്ക് തൊഴിൽ നിഷേധിച്ചിരിക്കുകയും കൂടുതൽ കൂലി ചോദിക്കുന്ന കർഷകത്തൊഴിലാളികളെ ദേഹോപദ്രവം ഏൽപിക്കുകയും ചെയ്യുന്നതുമൂലം ഉണ്ടായിട്ടുള്ള സ്ഥിതിവിശേഷം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ശ്രീ. എ. വി. ആര്യൻ റൂൾ 61 അനുസരിച്ച് നോട്ടീസ് തന്നിട്ടുണ്ട്.

ഉടുമ്പഞ്ചോല താലൂക്കിൽ കല്ലാർ–പട്ടം കോളനിയിൽ പോലീസ് കൂട്ടാർ എന്ന സ്ഥലത്തുള്ള ഹസ്സൻ തുടങ്ങിയ അഞ്ചുപേരെ അറസ്റ്റു ചെയ്തു മർദ്ദിച്ചതിനെത്തുടർന്ന് ആ സ്ഥലത്തുണ്ടായിട്ടുള്ള ഭീകരാവസ്ഥ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ശ്രീ. കെ. ടി. ജേക്കബ് റൂൾ 61 അനുസരിച്ച് നോട്ടീസ് തന്നിട്ടുണ്ട്.

കോട്ടയം മെഡിക്കൽ കോളേജിൽ ഒരു റേഡിയോളജിസ്റ്റ് ഇല്ലാത്തതുമൂലം രോഗികൾക്ക് അനുഭവിക്കേണ്ടിവരുന്ന വിഷമതകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടി സർവ്വശ്രീ എം. കെ. ജോർജ്ജ്, മുസ്തഫാ കെമാൽ, ഇ. എം. ജോർജ്ജ് എന്നിവർ റൂൾ 61 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. ഇതെല്ലാം ബന്ധപ്പെട്ട മന്ത്രിമാർക്ക് വേണ്ട നടപടികൾക്കുവേണ്ടി അയച്ചുകൊടുക്കുന്നതാണ്.

ശ്രീ. ഇ. അഹമ്മദ്: സർ, ഞാൻ റൂൾ 148 അനുസരിച്ച് പ്രിവിലേജ് മോഷനു നോട്ടീസ് കൊടുത്തിട്ടുണ്ടായിരുന്നു.

ഡെ. സ്പീക്കർ: അതു നോക്കിയിട്ടില്ല. നോക്കിയതിനുശേഷം വേണ്ടതു ചെയ്യാം.

ശ്രീ. ബേബി ജോൺ: ഇന്നലെ സഭയുടെ പ്രവർത്തനത്തിൽ കാര്യമായ തടസ്സമുണ്ടാക്കിയ ബഹുമാനപ്പെട്ട മത്തായി മാഞ്ഞൂരാന്റെ പ്രശ്നത്തിൽ അദ്ദേഹം ഒരു പുനർചിന്തനം നടത്തിയിട്ടുണ്ടോ എന്നറിയാൻ ആഗ്രഹമുണ്ട്. ഇല്ലെങ്കിൽ സഭ എന്തു നടപടി സ്വീകരിക്കണമെന്നുള്ളതിനെ

[ശ്രീ. ബേബി ജോൺ]

സംബന്ധിച്ച് ആലോചിക്കണം. അതുകൊണ്ട് അതൊന്നറിഞ്ഞാൽ കൊള്ളാം.

ഡെ. സ്പീക്കർ: അദ്ദേഹം പുനഃചിന്തനം ചെയ്തിട്ടുണ്ടോ എന്ന് അറിയുകയില്ല. ഏതായാലും ഇക്കാര്യത്തിൽ എന്താണു നടപടി നടത്തേണ്ട തെന്നുള്ളതിനെസംബന്ധിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ബേബി ജോൺ: അതു ബഹുമാനപ്പെട്ട മന്ത്രിയോടു ചോദിക്കാമല്ലോ.

ഡെ. സ്പീക്കർ: എന്നുമെന്നും ചോദിക്കേണ്ട കാര്യമൊന്നുമില്ല. അദ്ദേഹത്തിന്റെ മനസ്സു പുസ്തകങ്ങളെല്ലാം നോക്കിയതിനുശേഷം മാറിയിട്ടുണ്ടെങ്കിൽ അദ്ദേഹം പറയുമായിരുന്നു. ഇല്ലെങ്കിൽ എന്താണ് ചെയ്യേണ്ടതെന്നുള്ളതിനെസംബന്ധിച്ച് ആലോചിക്കാം. സഭാനേതാവ് ഇക്കാര്യത്തിൽ വേണ്ടതു ചെയ്യാമെന്ന് എന്നോടു പറഞ്ഞിട്ടുണ്ട്. അതനുസരിച്ച് തീരുമാനമെടുക്കാം. അതുകൊണ്ട് ഇനി ഇക്കാര്യത്തെ സംബന്ധിച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല. സഭയിൽ കൊണ്ടുവരേണ്ടതായ സമയത്ത് അതു കൊണ്ടുവരാം. എപ്പോഴും അതുതന്നെ ചർച്ചചെയ്തു സഭാനടപടികൾക്ക് വിഘ്നം വരുത്തേണ്ടതായ സ്ഥിതിയില്ലെന്ന് ഞാൻ പറയുകയാണ്.

ശ്രീ. കെ. കരുണാകരൻ: മന്ത്രിയുടെ പേരിൽ സഭയ്ക്കുള്ള അസംതൃപ്തി രേഖപ്പെടുത്താൻ ഇ. അഹമ്മദ് ഒരു നോട്ടീസ് നൽകിയിട്ടുള്ളതിന്റെ കാര്യം എന്തായി ?

മി. ഡെ. സ്പീക്കർ: അതും നോക്കിയിട്ടില്ല. നോക്കിയശേഷം തിങ്കളാഴ്ച അതിനെപ്പറ്റി പറയാം.

ശ്രീ. കെ. കരുണാകരൻ: സർ, ഇത് വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ഈ സഭയെ അവഹേളിക്കുന്ന കാര്യമാണ്. ആ നിലയിൽ അതു പരിശോധിച്ചിട്ടില്ല എന്നു പറയുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്ന സംഗതിയാണ്. എന്തും ചെയ്യുന്നതിനു മടിയില്ലാത്ത മന്ത്രിമാർക്ക് വിഷമമില്ലെങ്കിലും ഞങ്ങളുടെ ഈ സഭാംഗങ്ങളുടെ അന്തസ്സിന്റെ പ്രശ്നംകൂടിയാണ്.

ഡെ. സ്പീക്കർ: ഏതിനും ഒരു സാവകാശം കൊടുക്കേണ്ടതല്ലേ? അദ്ദേഹം പുനഃപരിശോധിക്കുന്നതിനും അൽപം സാവകാശം കൊടുക്കണമല്ലോ. അതുകൊണ്ട് തിങ്കളാഴ്ചയോ ചൊവ്വാഴ്ചയോ തന്നെ എന്താണു നടപടി നടത്തേണ്ടതെന്നുള്ളത് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാം. അതുവരെ സഭാനടപടികൾക്ക് കുഴപ്പം ഇല്ലാതെ മുന്നോട്ടു പോകണം.

ശ്രീ. ബേബി ജോൺ: സഭാനടപടികൾക്ക് കുഴപ്പമുണ്ടാക്കണമെന്നാഗ്രഹമേയില്ല. കുഴപ്പമുണ്ടാകരുതെന്നാണ് ആഗ്രഹം. അതിനുവേണ്ടിയാണ് ഇതു പറയുന്നതും. ഇന്നലെ സഭാനേതാവിന്റെ അഭിപ്രായം ചോദിച്ച അവസരത്തിൽ ആലോചിച്ചു മറുപടി പറയാമെന്നു പറയുകയുണ്ടായി. ഇന്നലെ സഭാനേതാവിന്റെ അഭിപ്രായം അറിയാൻ കഴിയാത്തതുകൊണ്ടും ചില കക്ഷികളും സംബന്ധിച്ചിട്ടില്ലാത്തതുകൊണ്ടും ആണ് തീരുമാനത്തിലെത്താൻ കഴിയാത്തത്. അതുകൊണ്ട് ഇക്കാര്യത്തിൽ സഭാനേതാവിന്റെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാം.

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി): സാധാരണ നിലയിൽ എന്തെങ്കിലും പ്രശ്നമുണ്ടായാൽ അതിനെപ്പറ്റി ചർച്ചചെയ്യുന്നതിനു സഭയുടെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു കമ്മിറ്റിയുണ്ട്. ഈ പ്രശ്നവും ആ കമ്മിറ്റിയിൽ ചർച്ചചെയ്തു കഴിഞ്ഞതിനുശേഷം പിന്നെ അഭിപ്രായം ചോദിക്കുന്നത് ശരിയായിരിക്കുകയില്ലെന്നാണ് എന്റെ അഭിപ്രായം. ഇന്നലെ വൈകുന്നേരം നാലുമണിക്ക് കമ്മിറ്റി കൂടിയതാണ്. അവിടെ ചർച്ചചെയ്തിട്ട് ചില കാര്യങ്ങൾ തീരുമാനിച്ചു. ആ വിവരം സ്പീക്കർ സഭയെ അറിയിച്ചു. അതിനുശേഷം തിങ്കളാഴ്ചയോ ചൊവ്വാഴ്ചയോ വിവരം പറയാമെന്നും സ്പീക്കർ പറഞ്ഞു. ഞാനും ചില കാര്യങ്ങൾ അദ്ദേഹത്തോടു പറഞ്ഞിരുന്നു. അതുകൊണ്ട് ഇനിയും അക്കാര്യത്തെപ്പറ്റി ചർച്ച ചെയ്യുന്നത് ശരിയായിരിക്കുകയില്ല എന്നാണ് എന്റെ അഭിപ്രായം.

ശ്രീ. കെ. കരുണാകരൻ: സർ, ഒരു കാര്യം ചൂണ്ടിക്കാണിക്കാതിരിക്കാൻ നിവൃത്തിയില്ല. അങ്ങ് ഈ സഭയുടെ ഒരു ബിസിനസ് ഡിസ്കസ് ചെയ്യാനാണ് നാലുമണിക്ക് വിളിച്ചിരുന്നത്. അവിടെ ഇതിനെപ്പറ്റി ആരെങ്കിലും ഒന്നു സംസാരിച്ചാൽ അതു കമ്മിറ്റിയുടെ ചർച്ചയാണെന്നു വരുന്നത് നിർഭാഗ്യകരമാണ്. അങ്ങ് കഴിഞ്ഞ ദിവസം പാർട്ടി നേതാക്കൻമാരെയെല്ലാം വിളിച്ച അവസരത്തിൽ ഈ സഭയോട് അൽപമെങ്കിലും ബഹുമാനമുണ്ടായിരുന്നുവെങ്കിൽ ഈ സഭാനടപടികളും നിയന്ത്രിക്കുന്ന കാര്യത്തിൽ അങ്ങയ്ക്കു ഉപദേശം നൽകേണ്ടതായ സഭാനേതാവ് തീർച്ചയായും പങ്കെടുക്കുമായിരുന്നു. അങ്ങനെ പങ്കെടുക്കാതിരുന്നത് അങ്ങയോടുള്ള അനാദരവാണ്, അവഹേളനമാണ്. നാലുമണിക്കു കൂടിയ യോഗത്തിൽ നടക്കാത്ത കാര്യങ്ങൾ ഇവിടെ പറഞ്ഞിരിക്കുകയാണ് സർ. ബഹുമാനപ്പെട്ട ബേബി ജോൺ ചോദിച്ചിട്ടുള്ളത് ഇക്കാര്യത്തിൽ അങ്ങ് സഭാനേതാവുമായി ആലോചിച്ച് സഭാനേതാവിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണ് അഭിപ്രായം എന്നാണ്.

ഡെ. സ്പീക്കർ: സഭാനേതാവും ഞാനും ഇക്കാര്യത്തെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് തിങ്കളാഴ്ചയോ ചൊവ്വാഴ്ചയോ പറയാമെന്നു പറഞ്ഞിട്ടുള്ളത്. ചൊവ്വാഴ്ചയ്ക്കുമേൽ പോകുകയില്ല. അതുവരെ സഭാനടപടികളും നടന്നുപോകുന്നതിനുള്ള സഹകരണം എല്ലാ ഭാഗത്തുനിന്നും ഉണ്ടാകണം.

ശ്രീ. കെ. കരുണാകരൻ: സർ, പള്ളിപ്പുറത്തെ പോലീസ് മർദ്ദനത്തെപ്പറ്റി ഇന്നു പറയാമെന്നു പറഞ്ഞിരുന്നു.

റവന്യൂ മന്ത്രി (ശ്രീമതി കെ. ആർ. ഗൗരി): അവിടെ പോലീസ് മർദ്ദനം നടന്നിട്ടുണ്ടോ എന്ന് അന്വേഷിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. അതിനു മറുപടി കിട്ടിയിട്ടില്ല. കിട്ടിയശേഷം പറയാം.

ശ്രീ. കെ. കരുണാകരൻ: ഇവിടെനിന്നും ഒൻപതു മൈൽ മാത്രം ദൂരമുള്ള.....

ശ്രീമതി കെ. ആർ. ഗൗരി: ഒൻപതു മൈലായാലും ഒരു മൈലായാലും വിവരം കിട്ടിയേ പറയാൻ പറ്റൂ.

Deputy Speaker: Now we will pass on to the Kerala Land Reforms (Amendment) Bill, 1968.

ശ്രീ. കെ. കരുണാകരൻ: ഇക്കാര്യത്തിൽ ഒരന്വേഷണം നടത്താൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. ബാലകൃഷ്ണൻ: സർ, അജൻറായിലെ മറെറാരു ഐറത്തിലേക്ക് കടന്നതിനുശേഷം പിന്നെയും ഇതു പറയുന്നത് ഓർഡറിലാണോ ?

ഡെ: സ്പീക്കർ: ഓർഡർ, ഓർഡർ. തിങ്കളാഴ്ചയോ ചൊവ്വാഴ്ചയോ ഇതിനെസംബന്ധിച്ച് മറുപടി പറയും.

4. LEGISLATIVE BUSINESS

THE KERALA LAND REFORMS (AMENDMENT) BILL, 1968—(*cont.*)
CLAUSE 7

റവന്യുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി): സർ, ഇന്നലെ ക്ലാസ് 7-നെപ്പററിയായിരുന്നു സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അത് മാററിവയ്ക്കണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് മാററിവച്ചു. ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ ഒരു ഭേദഗതി തന്നതനുസരിച്ച് ആ ക്ലാസ് റീ ഡ്രാഫ്റ്റുചെയ്യുന്നതിനുവേണ്ടിയാണ് മാററിവച്ചിരുന്നത്. ഗവൺമെൻറു ഭാഗത്തുനിന്നും റീഡ്രാഫ്റ്റുചെയ്തിരിക്കയാണ്. അത് ഞാൻ വായിക്കാം.

For clause 7, the following clause shall be substituted, namely:—

" 7. *Substitution of new sections for section* 6*A*.—For section 6A of the Principal Act, the following section shall be substituted, namely:—

6A. *Certain persons who were holding land on or after* 1*st December*, 1930, *to be deemed tenants*.—Notwithstanding anything to the contrary contained in any law, or in any contract, custom or usage, or in any judgment, decree or order of court, a person in possession of immovable property in any area in the State to which the Malabar Tenancy Act, 1929, extended, whether as mortgagee or otherwise, shall be deemed to be a tenant if—

(a) the property in his possession consists of agricultural land;

(b) he or any of his predecessors-in-interest was holding the property as a tenant on or after the 1st day of December, 1930; and

(c) the tenancy was terminated after the 1st of December, 1930 and before the commencement of this Act, but his predecessor-in-interest or himself continued in possession of the property, without interruption, whether as a mortgagee with possession or otherwise, from the date of such termination till the commencement of this Act.

Explanation I.—For the purposes of clause (b), " tenant " means a tenant as defined in the Malabar Tenancy Act, 1929, as in force on the 1st day of November, 1956.

Explanation II.—*An interruption for a period not exceeding an agricultural year immediately following the termination of the tenancy shall not be deemed to be an interruption for the purposes of clause* (*c*).

6B. *Certain mortgagees in areas to which Malabar Tenancy Act extended to be deemed tenants*.—Notwithstanding anything to the contrary contained in any law, or in any contract, custom or usage, or in any

LIBRARY ARCHIVES Kerala Legislative Assembly